# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 369
# 03/03/2020 ലെ മറുപടിക്ക്

## ആസ്തി വികസന പദ്ധതിയുടെ ഭരണ ചെലവ്

| | ചോദ്യം<br>ശ്രീ. കെ. രാജൻ | ഉത്തരം<br>ഡോ. ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയുടെ ഭരണ ചെലവിന് തൃശ്ശൂർ ജില്ലയിലേക്ക് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | 3.11.2017 ലെ സ.ഉ (സാധാ) നം. 8308/2017/ ധന പ്രകാരം ആസ്തി വികസന വികസന പദ്ധതി 2017-18 കൈകാര്യം ചെയ്യുന്നതിനുള്ള ഭരണ ചെലവിലേക്കായി ഓരോ കളക്ടറേറ്റിനും ഒരു എം.എൽ.എ ക്ക് 50,000 രൂപ എന്ന നിരക്കിൽ ഒരു നിശ്ചിത തുക അനുവദിച്ചിരുന്നു. ആയതനുസരിച്ച് തൃശ്ശൂർ കളക്ടറേറ്റിന് 6,50,000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ 20.11.2017 ലെ സ.ഉ(അച്ചടി) നം. 150/2017/ ധന പ്രകാരം 3.11.2017 ലെ ഉത്തരവിന് ഭേദഗതി വരുത്തുകയും ഒരോ കളക്ടറേറ്റിനും ഒരു കമ്പ്യൂട്ടർ, ഒരു ലാപ് ടോപ്, 10,000/- രൂപയിൽ താഴെ വിലയുള്ള ഒരു പ്രിന്റർ, 7,000/- രൂപയിൽ താഴെ വിലയുള്ള ഒരു സ്കാനർ, ഒരു സ്റ്റീൽ റാക്ക്, മറ്റ് ചെലവുകൾക്കായി 50,000/- രൂപ എന്നിവ അനുവദിക്കുകയും അവശേഷിച്ച തുക തിരിച്ചടയ്ക്കാനും നിർദ്ദേശം നൽകിയിരുന്നു. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന ഭരണ-കൈകാര്യ ചെലവിലേക്കായി ഓരോ ജില്ലാ കളക്ടറേറ്റിനും 50,000/- രൂപാ വീതം അനുവദിക്കുകയുണ്ടായി. 2019-20 ലെ വിഹിതം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഇല്ലെങ്കിൽ 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലേക്കുള്ള തുക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ